# പതിനഞ്ചാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

2024 ജൂൺ 24, തിങ്കൾ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**ധനകാര്യ വകുപ്പ് മന്ത്രി**

**നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി**

**വൈദ്യുതി വകുപ്പ് മന്ത്രി**

**തുറമുഖം - സഹകരണ വകുപ്പ് മന്ത്രി**

**<u>തുറമുഖ വകുപ്പിന്റെ നിഷ്ക്രിയ ആസ്തികൾ വികസിപ്പിക്കാൻ പദ്ധതികൾ</u>**

*181 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുറമുഖ വകുപ്പിന്റെ അധീനതയിലുള്ള നിഷ്ക്രിയമായി കിടക്കുന്ന ആസ്തികളെ സംബന്ധിച്ച കണക്കെടുപ്പുകളോ പരിശോധനകളോ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) തുറമുഖങ്ങളോട് ചേർന്നുള്ള നിഷ്ക്രിയ ആസ്തികൾ വികസിപ്പിച്ചെടുക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോ;

(സി) കോഴിക്കോട് ബീച്ചിൽ സ്ഥിതിചെയ്യുന്ന മറൈൻ പോർട്ട് ബംഗ്ലാവിന്റെ വികസന പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എന്തെല്ലാം സാധ്യതകളാണ് ഇതുവഴി ലക്ഷ്യം വയ്ക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) തുറമുഖങ്ങളോടനുബന്ധിച്ചുള്ള പഴയ കെട്ടിടങ്ങളുടെ പ്രൗഢിയും പഴമയും വീണ്ടെടുക്കുന്നതിനും അതുവഴി ഹെറിറ്റേജ് ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി വരുമാനദായകമാക്കുന്നതിനും തുറമുഖ വകുപ്പ് നടപടി സ്വീകരിക്കുമോ?

**<u>ജീവാനന്ദം പദ്ധതി</u>**

*182 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ എം നൗഷാദ്**
**ശ്രീ. മുരളി പെരുനെല്ലി**

**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് ഇഷ്ടമുള്ള തുക നിക്ഷേപിച്ച്, വിരമിച്ച ശേഷം അധിക വരുമാനം ഉറപ്പാക്കാൻ ജീവാനന്ദം എന്ന ഇൻഷുറൻസ് പദ്ധതിയിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് വസ്തുതാ വിരുദ്ധവും തെറ്റിദ്ധാരണാജനകവുമായ വാർത്തകൾ പ്രചരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൂർണ്ണമായും ഇൻഷുറൻസ് പദ്ധതിയായ ജീവാനന്ദത്തിന് പങ്കാളിത്ത പെൻഷൻ ഉൾപ്പെടെയുള്ള പെൻഷൻ പദ്ധതികളുമായി ഏതെങ്കിലും തരത്തിലുള്ള ബന്ധമുണ്ടോ;

(ഡി) സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ചവർക്ക് നിലവിൽ ഏതെങ്കിലും ഇൻഷുറൻസ് കമ്പനികളിൽ നിന്നും എന്തെങ്കിലും ആനുകൂല്യങ്ങൾ ലഭ്യമാണോ;

(ഇ) ഇല്ലെങ്കിൽ ഈ പദ്ധതിയിലൂടെ അത് സാധ്യമാക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## <u>സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ</u>

*183 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം മുന്നോട്ടുവയ്ക്കുന്ന വികസന മാതൃകയിൽ സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ വളരെ പ്രധാനപ്പെട്ടതാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സഹകരണ ബാങ്കുകളുടെ പ്രവർത്തനം ഐ.ടി., ആരോഗ്യം, വിദ്യാഭ്യാസം, ഉല്പാദനം തുടങ്ങിയ വിവിധ മേഖലകളിലേക്ക് വ്യാപിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സഹകരണ മേഖലയിലെ ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ തിരഞ്ഞെടുത്ത് ഒറ്റ ബ്രാൻഡിന് കീഴിലാക്കി പൊതു ട്രേഡ്മാർക്കോടെ ഇ-കോമേഴ്സ് പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവരുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>കിഫ്ബിയുടെ പ്രവർത്തനം</u>

*184 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി രൂപീകരിച്ച കിഫ്ബിയുടെ പ്രവർത്തനം മന്ദഗതിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എൺപത്തിരണ്ടായിരം കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി മുഖേന അംഗീകാരം നൽകിയെങ്കിലും പദ്ധതികളുടെ നടത്തിപ്പ് പൂർണ്ണമായും നിലയ്ക്കാനുണ്ടായ

കാരണങ്ങൾ വിശദമാക്കാമോ;

(സി) എട്ട് വർഷം കൊണ്ട് പതിനയ്യായിരം കോടിയിൽ താഴെ രൂപയുള്ള പദ്ധതികൾ മാത്രമാണ് പൂർത്തിയായത് എന്നത് വസ്തുതയാണോ; വിശദമാക്കാമോ?

**ഇൻഡക്ഷൻ ബേസ്ഡ് വയർലെസ്സ് വെഹിക്കിൾ ചാർജിംഗ് സംവിധാനം**

*185 **ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. എം. എം. മണി**
**ശ്രീ ഒ . ആർ. കേളു**
**ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി പുതുതലമുറ ഇ.വി. ചാർജിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം നടപ്പാക്കുവാൻ തീരുമാനമെടുക്കുന്നത് പൊതുഗതാഗത സംവിധാനത്തിലെ ഇ-ബസുകൾക്ക് കൂടി പ്രയോജനകരമാകുമോയെന്ന് അറിയിക്കുമോ;

(സി) ഇൻഡക്ഷൻ ബേസ്ഡ് വയർലെസ്സ് വെഹിക്കിൾ ചാർജിംഗ് സംവിധാനത്തിന്റെ പ്രയോജനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

**ക്ഷേമ പെൻഷൻ കുടിശിക വിതരണം**

*186 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏത് മാസം വരെയുള്ള ക്ഷേമ പെൻഷനുകളാണ് നാളിതുവരെ വിതരണം ചെയ്തതെന്ന് വ്യക്തമാക്കാമോ;

(ബി) ക്ഷേമ പെൻഷൻ കുടിശിക തുക സമാഹരിക്കാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) അർഹരായവർക്ക് ക്ഷേമ പെൻഷൻ കുടിശിക ഒറ്റത്തവണയായി നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**ദേശീയ സാമ്പിൾ സർവ്വേ ഓഫീസ് പഠന റിപ്പോർട്ട്**

*187 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സാമ്പിൾ സർവ്വേ ഓഫീസിന്റെ ഗാർഹിക ഉപഭോഗ ചെലവ് സംബന്ധിച്ച 2024-ലെ പഠന റിപ്പോർട്ടിൽ രാജ്യത്തെ സമ്പന്നമായ ഗ്രാമങ്ങൾ കേരളത്തിലാണെന്ന് പരാമർശിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സാമ്പത്തിക പരാധീനതകൾ നേരിടുമ്പോഴും പൊതുചെലവുകൾ പരിമിതപ്പെടുത്താതെയും ക്ഷേമ പ്രവർത്തനങ്ങൾ മുടക്കാതെയും ജനങ്ങളുടെ കൈകളിലേക്ക് പണമെത്തിക്കുന്നതിന് സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ പ്രസ്തുത സർവ്വെയ്ക്കാധാരമായ നേട്ടം കൈവരിക്കുന്നതിന് കാരണമായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കോവിഡ് കാലത്തെ നെഗറ്റീവ് വളർച്ചയിൽനിന്നും ആളോഹരി വരുമാനത്തിന്റെ കാര്യത്തിൽ രാജ്യത്തെ പ്രധാന സംസ്ഥാനങ്ങളിൽ ഒന്നായി കേരളത്തെ മാറ്റുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനം സമസ്ത മേഖലകളിലും കൈവരിച്ച നേട്ടങ്ങൾ അർഹതപ്പെട്ട കേന്ദ്ര വിഹിതം ലഭ്യമാകുന്നതിന് തടസ്സമാകുന്ന സാഹചര്യം നിലവിലുണ്ടോ; വിശദാംശം നൽകുമോ?

<u>**വ്യവസായ ശൃംഖല ശക്തിപ്പെടുത്താൻ നടപടി**</u>

*188 **ശ്രീ പി എസ് സുപാൽ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വ്യവസായ മേഖല ദേശീയ, ആഗോള വ്യവസായ ശൃംഖലയുടെ ഒരു ഭാഗമായാൽ മാത്രമേ ശക്തവും പ്രതിരോധശേഷിയുള്ളതുമായ വ്യവസായ മേഖലയാകാൻ സാധ്യമാകൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വ്യവസായ ശൃംഖലയിലെ ആഗോള മാറ്റങ്ങൾക്കനുസൃതമായി പ്രാദേശിക വ്യവസായവും വ്യാപാരമേഖലയും സജ്ജമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ;

(സി) പുതിയ സാങ്കേതിക വിദ്യകൾ ഫലപ്രദമായി ഉപയോഗിച്ച് നൂതനവും മൂല്യവർദ്ധിതവുമായ ഉല്പന്ന നിർമ്മിതിയിലേക്ക് മാറുന്നതിന് സംസ്ഥാനത്തിന്റെ വ്യാവസായിക മേഖലയ്ക്ക് പ്രോത്സാഹനം നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഗവേഷണ പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിനൊപ്പം പാഠ്യ-വ്യവസായ മേഖലകളുടെ സഹകരണത്തെ പ്രോത്സാഹിപ്പിക്കുകയും നിക്ഷേപങ്ങൾ ആകർഷിക്കുകയും ചെയ്യുന്ന വ്യവസായ ആവാസ വ്യവസ്ഥ സൃഷ്ടിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>**കയർ വ്യവസായ മേഖലയുടെ സമഗ്ര പുരോഗതി**</u>

*189 **ശ്രീമതി ദെലീമ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**

**ശ്രീ. പി.പി. ചിത്തരഞ്ജൻ**

**ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ആരംഭിച്ച രണ്ടാം കയർ പുനഃസംഘടനയുടെ ഫലമായുണ്ടായ ഗുണഫലങ്ങൾ നിലനിർത്തുന്നതിനും കൂടുതൽ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കയർ വ്യവസായവുമായി ബന്ധപ്പെട്ട് പൊതുമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സുസ്ഥിരത ഉറപ്പുവരുത്തുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കയർ മേഖലയിലെ വിവിധ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനായി സമിതിയെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലെ നഷ്ടം

*190 **ശ്രീ. എൻ. ഷംസുദ്ദീൻ**

**ശ്രീ. യു. എ. ലത്തീഫ്**

**ശ്രീ. പി. ഉബൈദുള്ള**

**ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തിൽ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലെ പ്രതീക്ഷിത വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ;

(ബി) എങ്കിൽ വരുമാനത്തിലുണ്ടായ കുറവിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(സി) ഭൂമിയുടെ ന്യായവിലയിൽ ഇരുപത് ശതമാനം വർദ്ധനവ് വരുത്തിയ നടപടി വരുമാന നഷ്ടത്തിന് കാരണമായിട്ടുണ്ടോയെന്നറിയിക്കാമോ;

(ഡി) സംസ്ഥാനത്തിന്റെ ചെലവിന് അനുസൃതമായി വരുമാനം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## ഖാദി മേഖലയുടെ സമഗ്ര മാറ്റത്തിനായുള്ള മാസ്റ്റർ പ്ലാൻ

*191 **ശ്രീ ജി എസ് ജയലാൽ**

**ശ്രീമതി സി. കെ. ആശ**

**ശ്രീ . മുഹമ്മദ് മുഹസിൻ**

**ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ഉല്പന്നങ്ങളെ ലോക ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി പുതുതലമുറയെ ആകർഷിക്കത്തതായ നവീന വസ്ത്ര വൈവിധ്യങ്ങൾ വിപണിയിലെത്തിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി കേരള ഖാദി എന്ന ബ്രാൻഡ് പുറത്തിറക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) ഇ-കൊമേഴ്സ് വഴി ഖാദി ഉല്പന്നങ്ങൾ ലഭ്യമാക്കുന്നതിനായി ഖാദി ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) ഖാദി മേഖലയിൽ പുത്തൻ ഉണർവ് സൃഷ്ടിക്കുന്നതിന് മൗലികമായ പുനഃസംഘാടനം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഈ മേഖലയുടെ സമഗ്ര മാറ്റത്തിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ചെന്നൈ ഐ.ഐ.ടി.യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## മിഷൻ 1000 പദ്ധതി

*192 **ശ്രീ കെ യു ജനീഷ് കുമാർ**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 1000 പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കൂടുതൽ സ്ഥാപനങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അവസരം നൽകുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(സി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന സംരംഭങ്ങളുടെ മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്

*193 **ശ്രീ. പി. ടി. എ. റഹീം**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേമ പെൻഷനുകളുടെ വിതരണത്തിന് മുടക്കം വരാതിരിക്കുവാൻ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന കമ്പനിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്പനിയുടെ പ്രവർത്തനവും കമ്പനി നൽകുന്ന സേവനങ്ങളും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കമ്പനി നാളിതുവരെ എടുത്ത വായ്പയുടെയും തിരിച്ചടവിന്റെയും വിശദാംശം ലഭ്യമാക്കുമോ;

(ഡി) ക്ഷേമപെൻഷനുകളുടെ വിതരണം മുടങ്ങാതിരിക്കുവാൻ ആവിഷ്കരിച്ച ഒരു ബദൽ പദ്ധതി എന്ന നിലയിൽ അത് വിജയകരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കമ്പനിയിൽനിന്നും സർക്കാർ എടുത്തിട്ടുള്ള വായ്പ അനധികൃത വായ്പയായി കണക്കാക്കി, ഭാവിയിൽ ഗഡുക്കളായി പ്രസ്തുത തുക സംസ്ഥാനത്തിന്റെ കട പരിധിയിൽ നിന്നും വെട്ടിക്കുറയ്ക്കുമെന്ന് കേന്ദ്ര സർക്കാർ സൂചിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## കൈത്തറി മേഖലയെ പ്രോത്സാഹിപ്പിക്കാൻ നടപടി

*194 **ശ്രീ. കെ. ആൻസലൻ**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം കൈത്തറി മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി കൈത്തറി മേഖലയ്ക്കുണ്ടായ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ ഉല്പാദനം ഉയർന്നതിന്റെയും നെയ്ത്തു തൊഴിലാളികളുടെ വരുമാനം വർദ്ധിച്ചതിന്റെയും വിശദാംശം ലഭ്യമാക്കാമോ;

(ഡി) 2023-24 സാമ്പത്തിക വർഷത്തിൽ (2024-25 അദ്ധ്യയന വർഷം) എത്ര വിദ്യാർത്ഥികൾക്ക് എത്ര മീറ്റർ യൂണിഫോം തുണി വിതരണം ചെയ്തിട്ടുണ്ട്; വിശദമാക്കാമോ?

## കെയർ ഹോം പദ്ധതി

*195 **ശ്രീമതി യു പ്രതിഭ**
**ശ്രീ. പി. വി. അൻവർ**
**ശ്രീ. എ. രാജ**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്തങ്ങളിൽ വീടുകൾ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി നടപ്പാക്കി വരുന്ന കെയർ ഹോം പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഈ പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതി കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സാമൂഹിക പ്രതിബദ്ധതയിൽ അധിഷ്ഠിതമായി സഹകരണ മേഖല നടത്തിയ ഇത്തരം പ്രവർത്തനങ്ങൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ പുനരുദ്ധരിക്കാൻ നടപടി

*196 **ശ്രീമതി ഒ എസ് അംബിക**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ വികസന സാധ്യതകളും നിലവിലുള്ള സ്ഥിതിഗതികളും വിലയിരുത്തി അവയുടെ പുനരുദ്ധാരണത്തിനും വിപുലീകരണത്തിനും വിശദമായ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുമെന്ന ഭരണപക്ഷ മുന്നണിയുടെ പ്രകടന പത്രികയിലെ വാഗ്ദാനം ഈ സർക്കാരിന് എത്രത്തോളം യാഥാർത്ഥ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഈ മേഖലയിൽ വികസന ലക്ഷ്യങ്ങൾ നേടുന്നതിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ;

(സി) സംസ്ഥാനത്ത് അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

## <u>ക്ഷേമ പെൻഷൻ കുടിശിക</u>

*197 **ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ വിതരണം നടത്തിയത് ഏതെല്ലാം മാസങ്ങളിലേക്കുള്ള ക്ഷേമ പെൻഷനാണ് എന്ന് വ്യക്തമാക്കാമോ;

(ബി) ക്ഷേമ പെൻഷൻ സംബന്ധിച്ച 2023-ലെ ഉത്തരവുകളിൽ ഏത് മാസത്തെ ക്ഷേമ പെൻഷനാണ് വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കിയിരുന്നോ; വിശദമാക്കുമോ;

(സി) എങ്കിൽ 2024-ൽ ഇറക്കിയ ക്ഷേമ പെൻഷൻ സംബന്ധിച്ച ഉത്തരവുകളിൽ ഏതൊക്കെ മാസങ്ങളിലെ കുടിശികയാണ് നൽകുന്നത് എന്ന് വ്യക്തമാക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

## <u>സമഗ്ര സഹകരണ കർമ്മ പദ്ധതി</u>

*198 **ശ്രീ ഒ . ആർ. കേളു**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. എച്ച്. സലാം**
**ശ്രീ. കെ. ബാബു (നെന്മാറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലൂടെ സംസ്ഥാന വികസനം, എന്ന കാഴ്ചപ്പാടോടെ സമഗ്ര സഹകരണ കർമ്മ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ശുചിത്വം, മാലിന്യ സംസ്കരണം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് സഹകരണ കർമ്മ പദ്ധതിയുടെ ഭാഗമായി ഉണ്ടായിട്ടുള്ള പുരോഗതി വിശദമാക്കാമോ?

## <u>വകുപ്പുകൾക്ക് അനുവദിക്കുന്ന തുക വകമാറ്റി ചെലവഴിക്കുന്നത് തടയാൻ നടപടി</u>

*199 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകൾ നടപ്പാക്കേണ്ട വാർഷിക പദ്ധതികളുടെ വിവിധ ഘട്ടങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി ഫലപ്രദമായി തുക ചെലവഴിക്കുന്നുണ്ടോ എന്ന് അവലോകനം നടത്താറുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ വിവിധ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും പദ്ധതി നടത്തിപ്പിനായി അനുവദിക്കുന്ന തുക ചെലവഴിക്കുന്ന വിധം പരിശോധിക്കുന്നതിന് സ്വീകരിച്ചുവരുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) വാർഷിക പദ്ധതി നടത്തിപ്പിനായി അനുവദിക്കുന്ന തുക വകമാറ്റി ചെലവഴിക്കുന്ന പ്രവണത തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ഡി) ഇപ്രകാരം വകമാറ്റുന്ന തുക തിരികെ ഖജനാവിലേക്ക് എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

## <u>കേരള ക്ലൈമറ്റ് റിസൈലന്റ് അഗ്രി-വാല്യു ചെയിൻ മോഡണൈസേഷൻ പദ്ധതി</u>

*200 **ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ ഡി കെ മുരളി**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്ലാന്റേഷൻ മേഖലയെ ഒരു ബ്രാൻഡായി ഉയർത്തിക്കൊണ്ടുവരുന്നതിന് ലക്ഷ്യമിട്ട് ആസൂത്രണം ചെയ്തുവരുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) തോട്ടം മേഖലയുടെ നിലവിലെ അവസ്ഥയെക്കുറിച്ചും പ്രസ്തുത മേഖലയിൽ നടപ്പിലാക്കാവുന്ന വൈവിധ്യവല്ക്കരണത്തെക്കുറിച്ചും നവീകരണത്തെക്കുറിച്ചും പഠനം നടത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(സി) ഈ മേഖലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന കേര (കേരള ക്ലൈമറ്റ് റിസൈലന്റ് അഗ്രി-വാല്യു ചെയിൻ മോഡണൈസേഷൻ) പദ്ധതി സംബന്ധിച്ച് വിശദമാക്കുമോ?

## <u>കശുവണ്ടി മേഖലയുടെ സമഗ്ര വികസനം</u>

*201 **ശ്രീ വി ജോയി**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി തൊഴിലാളികളുടെ ക്ഷേമവും ഈ മേഖലയുടെ സമഗ്ര വികസനവും മുന്നിൽക്കണ്ട് നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത മേഖലയിലെ സ്വകാര്യ വ്യവസായികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) ഈ മേഖല നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും പഠനവിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

**<u>കിഫ്ബി മസാല ബോണ്ടുകൾ ഇറക്കാനുണ്ടായ സാഹചര്യം</u>**

*202 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മസാല ബോണ്ടുകൾ ഇറക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(ബി) രാജ്യത്ത് കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭിക്കുമെന്നിരിക്കെ ഉയർന്ന പലിശയ്ക്ക് മസാല ബോണ്ടുകൾ ഇറക്കാനുണ്ടായ കാരണം വിശദമാക്കാമോ;

(സി) മസാല ബോണ്ടുകൾ കാനഡയിലെ പ്രത്യേക പ്രദേശങ്ങളിൽ വിറ്റിരുന്നോ;

(ഡി) എങ്കിൽ അതിനുശേഷം മസാല ബോണ്ടുകൾ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്യാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

**<u>മിഷൻ 1000 പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>**

*203 **ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭങ്ങളുടെ വിറ്റുവരവ് ഉയർത്തുന്നതിനും വ്യവസായ മേഖലയെ സംരംഭക സൗഹൃദമാക്കുന്നതിനുമായി നടപ്പിലാക്കിവരുന്ന മിഷൻ 1000 പദ്ധതിയിലൂടെ സംരംഭകർക്ക് ഏതെല്ലാം തരത്തിലുള്ള സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഡി.പി.ആർ തയ്യാറാക്കുന്നതിനായി ഏതെങ്കിലും സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

**<u>വൈദ്യുതി ബോർഡിന്റെ സുരക്ഷാനയം</u>**

*204 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എ. കെ. എം. അഷ്റഫ്**

**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊട്ടിവീഴുന്ന വൈദ്യുതി ലൈനുകളിൽ നിന്നും ഷോക്കേറ്റുള്ള മരണങ്ങൾ വർദ്ധിച്ചുവരുന്നതായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വൈദ്യുതി ലൈനുകളിൽ നിന്നുള്ള അപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) അപകടങ്ങൾ വർദ്ധിച്ചുവരുന്നത് തടയാൻ വൈദ്യുതി ബോർഡ് സുരക്ഷാനയം രൂപീകരിച്ചിട്ടുണ്ടോ?

## മാരിടൈം ബോർഡ് നടത്തുന്ന പ്രവർത്തനങ്ങൾ

*205 **ശ്രീ എം മുകേഷ്**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരക്കടൽ കപ്പൽ ഗതാഗതത്തിന്റെ സാധ്യതകൾ ആരായുന്നതിന് മാരിടൈം ബോർഡ് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മൈനർ തുറമുഖങ്ങളായ കൊല്ലം, ബേപ്പൂർ, അഴീക്കൽ, പൊന്നാനി എന്നിവിടങ്ങളിൽ തുറമുഖ വകുപ്പിന്റെ നിയന്ത്രണത്തോടെ മാരിടൈം ബോർഡ് നടത്തിവരുന്ന പശ്ചാത്തല വികസനത്തിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ;

(സി) തീരക്കടൽ ഗതാഗതത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി ചരക്ക് ഗതാഗതത്തിനും വിനോദസഞ്ചാര വികസനത്തിനും ഉതകുന്ന തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ

*206 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ഡോ. എം. കെ. മുനീർ**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) നിലവിൽ എവിടെയെല്ലാം സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ തുടങ്ങുന്നതിന് കുറഞ്ഞത് എത്ര ഏക്കർ സ്ഥലം ആവശ്യമാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത എസ്റ്റേറ്റുകൾ വഴി വ്യവസായ സംരംഭകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും സൗകര്യങ്ങളും എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

**<u>ജീവാനന്ദം പദ്ധതിയുടെ പ്രത്യേകതകൾ</u>**

*207 **ശ്രീ. എം. എം. മണി**
**ശ്രീ എം മുകേഷ്**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കായി നടപ്പിലാക്കി വരുന്ന സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് പദ്ധതി, ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി, ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റൽ ഇൻഷുറൻസ് പദ്ധതി എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ആനുകൂല്യങ്ങൾ ജീവനക്കാർ വിരമിക്കുന്നതോടെ അവസാനിക്കുന്നവയാണോ; വിരമിച്ചവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്ന ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച ജീവാനന്ദം പദ്ധതിയുടെ പ്രത്യേകതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത് ഏത് ഇൻഷുറൻസ് കമ്പനി വഴിയാണെന്നും അതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

**<u>സാമ്പത്തിക രംഗത്തെ വെല്ലുവിളികൾ</u>**

*208 **ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജി.എസ്.ഡി.പി., പ്രതിശീർഷ വരുമാനം എന്നിവ 2015-ൽ എത്രയായിരുന്നുവെന്നും നിലവിൽ എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) സാമ്പത്തിക രംഗത്ത് പ്രശംസനീയമായ വളർച്ചയുണ്ടായെങ്കിലും നിയന്ത്രണാതീതമായ കാരണങ്ങളാൽ സർക്കാർ വെല്ലുവിളികൾ നേരിടുന്നുണ്ടോ; വിശദമാക്കുമോ;

(സി) സഹകരണ ഫെഡറലിസം എന്ന ആശയത്തിനനുസൃതമായി വിഭവങ്ങൾ സംസ്ഥാനവുമായി പങ്കുവയ്ക്കുന്നതിൽ കേന്ദ്ര സർക്കാർ വിമുഖത കാട്ടുന്നുണ്ടോ; വിശദമാക്കാമോ?

**<u>സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്ന ഒരാൾക്ക് ഒരു പെൻഷൻ</u>**

*209 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്ന ഒരാൾക്ക് ഒരു പെൻഷൻ എന്ന് നിജപ്പെടുത്തിയ സർക്കാർ ഉത്തരവ് നിയമ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ക്ഷേമനിധിയിലേക്ക് അംശദായം അടയ്ക്കുന്നവർക്ക് ക്ഷേമനിധി പെൻഷൻ നിഷേധിക്കുന്നത് നിയമപരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) നിയമസഭ പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ ക്ഷേമനിധി പെൻഷൻ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ നിജപ്പെടുത്തുന്നത് നിയമപരമാണോ എന്ന് വ്യക്തമാക്കുമോ?

## വൈദ്യുതി നിരക്ക് വർദ്ധനവ്

*210 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. മഞ്ഞളാംകുഴി അലി**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽകാലത്ത് ആവശ്യകത കൂടിയതിനെ തുടർന്ന് ഉയർന്ന വിലയ്ക്ക് വൈദ്യുതി വാങ്ങിയതുമൂലം വൈദ്യുതി ബോർഡിനുണ്ടായ വരുമാന നഷ്ടം നിരക്ക് വർദ്ധനവിലൂടെ നികത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നവരിൽ നിന്നും കൂടിയ നിരക്ക് ഈടാക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) 200 യൂണിറ്റിൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നവരിൽ നിന്നും വ്യത്യസ്ത സമയങ്ങളിൽ വ്യത്യസ്ത നിരക്ക് ഈടാക്കാൻ ആലോചനയുണ്ടോ; വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2024 ജൂൺ 15, ശനി

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].